LIBRARY ARCHIVES Kerala Legislative Assembly

പരിഹരിച്ചിട്ടുണ്ട്.

(സി) ടെണ്ടർ ക്ഷണിച്ച് കരാർ നൽകിയാണ് പ്രവൃത്തി നടപ്പിലാക്കിയിട്ടുള്ളത്.

(ഡി) മെ. ലേസർ ടെക്, ബാംഗ്ലൂർ എന്ന ഏക സ്ഥാപനമാണ് സാധുവായ ടെണ്ടർ സമർപ്പിച്ചിട്ടുള്ളത്.

(ഇ) ഇത്തരം പദ്ധതി സമീപനാളുകളിൽ മറ്റെങ്ങും ആരംഭിച്ചതായി ശ്രദ്ധയിൽ വന്നിട്ടില്ല.

## കേരള സ്റ്റേറ്റ് മൈനോറിറ്റി ഫിനാൻസ് ഡെവലപ്മെന്റ് കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറുടെ ആനുകൂല്യങ്ങൾ

162(1165) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് മൈനോറിറ്റി ഫിനാൻസ് ഡെവലപ്മെന്റ് കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറായി ഇപ്പോൾ പ്രവർത്തിച്ചുവരുന്നത് ആരാണെന്ന് വ്യക്തമാക്കാമോ; പ്രസ്തുത തസ്തികയുടെ ശമ്പള സ്കെയിൽ എത്രയാണ്; പ്രസ്തുത തസ്തികയിൽ സ്ഥിരം നിയമനമാണോ നൽകിയിട്ടുള്ളത്; ഡെപ്യൂട്ടേഷൻ നിയമനമാണെങ്കിൽ അദ്ദേഹത്തിന്റെ മാതൃവകുപ്പ് ഏതാണ്; മാതൃവകുപ്പിൽ നിന്നും ലഭിച്ചിരുന്നതിനേക്കാൾ അധികമായി എന്തെല്ലാം ആനുകൂല്യങ്ങളാണ് ഇദ്ദേഹത്തിന് നൽകുന്നതിന് വ്യവസ്ഥ ചെയ്തിട്ടുള്ളത്;

(ബി) ടി.എ., ഡി.എ., ഇനത്തിൽ അദ്ദേഹം ഇതുവരെയായി കൈപ്പറ്റിയ തുക മാസംതോറും എത്രവീതമാണെന്ന് വിശദമാക്കാമോ; വീട്ടുവാടകയിനത്തിൽ തുക ലഭ്യമാക്കുന്നുണ്ടോ; എങ്കിൽ മാസംതോറും എത്ര രൂപ വീതമാണ് നൽകി വരുന്നത്;

(സി) അദ്ദേഹത്തിന്റെ ഉപയോഗത്തിന് വാഹനം ലഭ്യമാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ ഡ്രൈവറെ നിയമിച്ചത് ആരാണ്; പ്രസ്തുത ഡ്രൈവർക്ക് മാസംതോറും നൽകിവരുന്ന വേതനം എത്ര രൂപ വീതമാണ്;

(ഡി) എത്ര കാലത്തേക്കാണ് പ്രസ്തുത തസ്തികയിലേക്ക് നിയമനം നൽകിയിട്ടുള്ളത്; ആയതിന്റെ കാലാവധി ഏതുതീയതിയിലാണ് അവസാനിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) മുഹമ്മദ് ഹനീഫ പെരിഞ്ചീരി, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ; മക്കരപ്പറമ്പ് സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് ലിമിറ്റഡ്; പ്രസ്തുത തസ്തികയിലേക്ക് ശമ്പള സ്കെയിൽ നിശ്ചയിച്ചിട്ടില്ല; സ്ഥിരനിയമനമല്ല; ഡെപ്യൂട്ടേഷൻ നിയമനം;

മക്കരപ്പറമ്പ് സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് ലിമിറ്റഡ്; മാതൃ വകുപ്പിൽനിന്ന് ലഭിക്കുന്ന ആനുകൂല്യങ്ങൾ മാത്രമേ നൽകുന്നുള്ളു.

(ബി) അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) ഉണ്ട്. ഡയറക്ടർ ബോർഡ്, കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ, മാസ വേതനം 15,000 രൂപ.

(ഡി) നിയമനം രണ്ട് വർഷത്തേക്കാണ്. കാലാവധി 9-12-2017.

## മുസ്ലീം യുവജനങ്ങൾക്കായുള്ള തൊഴിൽ-വിദ്യാഭ്യാസ പരിശീലന കേന്ദ്രങ്ങൾ

163(1166) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പാലോളി കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മുസ്ലീം യുവജനങ്ങൾക്കായി എത്ര തൊഴിൽ-വിദ്യാഭ്യാസ പരിശീലന കേന്ദ്രങ്ങളാണ് ഇതുവരെ അനുവദിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പരിശീലന കേന്ദ്രങ്ങളുടെ ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ; ഇതിൽ ഏതെങ്കിലും നിർത്തൽ ചെയ്തിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) ഇത്തരത്തിലുള്ള പുതിയ കേന്ദ്രങ്ങൾ അനുവദിക്കുന്ന വിഷയം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ഡി) കാസർഗോഡ് ജില്ലയിൽ ഈ കേന്ദ്രങ്ങൾ എവിടെയെല്ലാമാണ് പ്രവർത്തിക്കുന്നത് എന്ന് വ്യക്തമാക്കുമോ; ആയത് ഫലപ്രദമാണോ എന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ&ബി) അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) നിലവിൽ പരിഗണനയിലില്ല.

(ഡി) മുസ്ലീം യുവജനതക്കായുള്ള പരിശീലന കേന്ദ്രം, ബസ് സ്റ്റാന്റ് ടെർമിനൽ, ചെർക്കള, ചെങ്കള പോസ്റ്റ്, കാസർഗോഡ്. നിലവിൽ ടി കേന്ദ്രം നല്ല രീതിയിൽ പ്രവർത്തിക്കുന്നുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly